# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3707

14.03.2017-ൽ മറുപടിയ്ക്ക്

**ആയുർവേദ മരുന്നുകളിൽ മാരക വിഷവസ്തുക്കൾ**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിൽക്കുന്ന ആയുർവേദ മരുന്നുകളിൽ മാരക വിഷവസ്തുക്കൾ ചേർക്കുന്നു എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഇല്ല. ആയുർവേദ ഔഷധങ്ങൾ നിർമ്മിക്കാൻ വേണ്ടി ചേരുവയായി ഉപയോഗിക്കുന്ന കറുവപ്പട്ടയ്ക്ക് പകരം കാസിയ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ആയുർവേദ മരുന്നുകളിലെ ചേരുവകൾ പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. ആയുർവേദ ഔഷധങ്ങൾ ഒന്നിൽ കൂടുതൽ മരുന്നുകൾ ചേർത്തുള്ള യോഗങ്ങളായതിനാൽ ഓരോ ചേരുവകളും ചേർത്തിട്ടുണ്ടോ എന്ന് വ്യക്തമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ആയുർവേദ ഫാർമക്കോപ്പിയ ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനകൾ നടത്താനുള്ള സൗകര്യം നിലവിലുണ്ട്.<br>ഡ്രഗ്സ് കൺട്രോളർ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മാത്രമായി ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 6 ആയുഷ് അപ്രൂവ്ഡ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. അവ താഴെ പറയുന്നവയാണ്.<br>(1) നാഗാർജ്ജുന ഹെർബൽ |

| | | | |
|---|---|---|---|
| | | | കോൺസൻട്രേറ്റ്സ്, തൊടുപുഴ, ഇടുക്കി.<br>(2) മെ.ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലി. (ഔഷധി), തൃശ്ശൂർ<br>(3)മെ.വൈദ്യരത്നം പി.എസ്. വാര്യേഴ്സ് ആര്യ വൈദ്യശാല, കോട്ടയ്ക്കൽ, മലപ്പുറം<br>(4) മെ.ന്യൂ ഉദയ ഫാർമസി & ആയുർവേദിക് ലബോറട്ടറീസ്, കടവന്ത്ര, കൊച്ചി<br>(5) മെ.ശ്രീധരീയം ആയുർവേദിക് മെഡിസിൻസ് (പ്രൈ.)ലി. കൂത്താട്ടുകുളം, എറണാകുളം<br>(6) മെ.കെയർ കേരളം, കിൻഫ്ര പാർക്ക്, കൊരട്ടി. |
| സി) | ചില സ്ഥാപനങ്ങൾ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | സി) | ഉണ്ട്. പരസ്യ നിയമം ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയ 135-ൽപ്പരം കേസുകൾ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954 പ്രകാരം കേരളത്തിലെ വിവിധ കോടതികളിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ